(ബി) ഇങ്ങനെ നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിൽ തടി സ്റ്റോക്കു ചെയ്യണമെന്ന് കോൺട്രാക്റ്റർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) സർക്കാരിന്റെ നിർദ്ദേശങ്ങളും അവഗണിച്ചുകൊണ്ട് സർക്കാർ നിശ്ചയിച്ച സ്ഥലത്തു തടികളും സ്റ്റോക്കു ചെയ്യാത്തതിനെക്കുറിച്ച് വല്ല പരാതിയും ഗവൺമെന്റിലേക്ക് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടിയാണ് സർക്കാർ എടുത്തിട്ടുള്ളത്?

ഉത്തരം

(എ) 36 സർക്കാർ തടി ഡിപ്പോകളാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) പരാതികളിൻമേൽ ആവശ്യമായ നടപടികളും സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് അപ്പോഴപ്പോൾ നിർദ്ദേശം നൽകിയിട്ടുണ്ട്.

വനങ്ങളിലെ എം. എഫ്. പി. കളക്ഷൻ

753 [1106] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ വനങ്ങളിലെ എം. എഫ്. പി. കളക്ഷൻ ഹരിജൻ–ഗിരിജന സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(ബി) ഗിരിജനങ്ങളുടെ പേരിൽ നടത്തുന്ന ഇത്തരം സഹകരണസംഘങ്ങൾ മൂലം യഥാർത്ഥത്തിൽ ഈ വിഭാഗത്തിന് യാതൊരു പ്രയോജനവും ലഭിക്കുന്നില്ലെന്നുള്ള യാഥാർത്ഥ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. ചാലക്കുടി ഡിവിഷനിലെ പരിയാരം, ചാഴച്ചാൽ, ഷോളയാർ എന്നീ റെയിഞ്ചുകളും ഒഴിച്ചുള്ള സംസ്ഥാനത്തെ മറ്റെല്ലാ റെയിഞ്ചുകളിലേയും ചെറു വന വിഭവങ്ങൾ ശേഖരിക്കുവാനുള്ള 1978-79 ലെ അവകാശം ഗിരിജന സഹകരണ സംഘങ്ങൾക്കു നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

പ്രാക്റ്റിക്കൽ ട്രെയിനിംഗ് കാലംകൂടി പ്രൊബേഷനായി കണക്കാക്കുന്നത് സംബന്ധിച്ച നിവേദനം

754 [1108] ശ്രീ. പി. ബാലൻ:

ശ്രീ. പി. എം. അബുബക്കർ:

ശ്രീ. ജി. പി. മംഗലത്തുമഠം:

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly